# മലങ്കര

# ചിയോജിതൻ

പുസ്തകം 7 | ഫ്രഞ്ച കന്നി, തുലാം | ലക്കം 2,3.


## നിങ്ങൾ ഏതു പക്ഷം?

(1880 ഏപ്രിൽ 4-ാം തീയതി ഞായറാഴ്ച രാവിലെ സി. എച്ച്. സ്പർജൻ മെട്രോപ്പോലീറ്റൻ റ്റാബേർനാക്കിളിൽ ചെയ്ത ഒരു പ്രസംഗം.)

"മോശെ പാളയത്തിന്റെ വാതില്ക്കൽ നിന്നുകൊണ്ട്: യഹോവയുടെ പക്ഷത്തുള്ളവൻ എന്റെ അടുക്കൽ വരട്ടെ എന്നു പറഞ്ഞു." പുറ. 32: 26.

കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കിടയിൽ നമ്മുടെ പട്ടണത്തിൽ നടന്ന ഒരു തെരിഞ്ഞെടുപ്പിന്റെ ബഹളത്തിൽ 'നിങ്ങൾ ഏതു പക്ഷത്തു' എന്നുള്ള ചോദ്യം പലർ നിങ്ങളോടു തുടരെ ചോദിച്ചിരിക്കണം. വലിയയാളുകൾ ഒരു ഭാഗവും മറ്റു ചിലർ മറുഭാഗവും എരിവോടു പിടിച്ചു വാദിച്ചുനിന്നതിന്റെ ഫലമായി എല്ലാനിലയിലും സ്ഥിതിയിലുമുള്ള ആളുകൾ ഉണർത്തപ്പെട്ടു. ആ ദിവസങ്ങൾ കടന്നു ഇപ്പോൾ ഞായറാഴ്ചയിൽ നാം വന്നെത്തിയിരിക്കുന്നതുകൊണ്ടു മേൽപറഞ്ഞ രാഷ്ട്രീയവിഷയങ്ങളെ വിസ്മരിച്ചു 'യഹോവയുടെ പക്ഷത്തു ആര്?' എന്നുള്ള അതിപ്രധാനമായ എന്റെ ചോദ്യത്തെ നിങ്ങൾ ശ്രദ്ധിക്കേണമെന്നു ഞാൻ ആശിക്കുന്നു. പരമാർത്ഥമായുള്ള ഒരു മറുപടി തരുവാൻ ദൈവം നിങ്ങൾക്കു സഹായിക്കട്ടെ! പ്രസ്തുത ചോദ്യത്തിനു തക്കതായ ഉത്തരം "ഉവ്വ്, കർത്താവേ! നീ സകലവും അറിയുന്നുവല്ലോ. ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു നീ അറിയുന്നു" എന്നായിരിക്കട്ടെ. "യിശ്ശായിയുടെ പുത്രനായ ദാവീദേ! ഞങ്ങൾ നിനക്കുള്ളവരും നിന്റെ പക്ഷത്തുള്ളവരും ആ

കനു" എന്നു് അമാസയും കൂട്ടരും ദാവീദിനോടു പറഞ്ഞതുപോലെ നിങ്ങളിൽ ആയിരങ്ങൾ ഇന്നു കർത്താവിനോടു പറവാൻ സംഗതിവരട്ടെ!

വ്യക്താപരവും നടപ്പിൽ വരുത്താൻ അത്യന്താപേക്ഷിതവുമായ ഈ ചോദ്യത്തെ വിസ്തരിക്കുന്നതിനുമുമ്പ് ചോദിക്കുന്ന ആൾ ആരാണെന്നു വിചാരിപ്പാൻ നിങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. "യഹോവയുടെ പക്ഷത്തുള്ളവൻ ആർ?" എന്ന ഈ ചോദ്യമിട്ടതു മോശയായിരുന്നു. പാപവും പാളയത്തിൽ മുൻകാല്യത്തിൽ നിൽക്കുമ്പോളത്രെ ഈ ചോദ്യം ചോദിച്ചതു്. മാത്രമല്ല, അവൻ തനിയെ യഹോവയുടെ ഏകവീരനായി നിന്നുകൊണ്ടാണു് മുഴുജനത്തെയും വെല്ലുവിളിച്ചുകൊണ്ടു ദൈവപക്ഷത്തേക്കു് അനുകൂലതീരുമാനം ചെയ്വാൻ പരസ്യഘോഷണം ചെയ്തതു് എന്നുള്ളതും സ്മർത്തവ്യമാണു്. അവന്റെ സഹോദരനായ അഹറോൻ തന്നെയും ഈ ഘട്ടത്തിൽ അകന്നുകളഞ്ഞു. പൊന്നുകൊണ്ടു കാളക്കുട്ടിയെ ഉണ്ടാക്കിയതു് അവനായിരുന്നുവല്ലോ. സേനാപതിയായ യോശുവാ മാത്രമല്ലാതെ മോശയോടു ചേർന്നുനിൽക്കേണ്ടവരായ എഴുപതു മൂപ്പന്മാരും ഇപ്പോൾ അവനോടുകൂടി ഇല്ല. എങ്കിലും മോശ, ജനങ്ങൾ കാമോദ്ദീപകമായ കളികൾകൊണ്ടും മതഭ്രാന്തു നിറഞ്ഞ ആരാധനകൊണ്ടും ഉന്മത്തരായിരിക്കുമ്പോൾതന്നെ അവരുടെ മദ്ധ്യത്തിൽ ഏകനായിനിന്നു. അവൻ ആകസ്മികവിപത്തുകൾക്കു പരിഹാരമുണ്ടാക്കാൻ പോരുന്നവനും തിടത്തോടെ നിൽക്കുന്നവനുമായിരുന്നു. തനിക്കുണ്ടാകാവുന്ന അപകടത്തെക്കുറിച്ചു യാതൊരു വിചാരവും കൂടാതെയും നിർഭയനായും ധീരനായും കല്പനാതതാനായും അവൻ നിന്നതു കൂടാതെ അവരുടെ വിഗ്രഹത്തെ അവൻ തച്ചുപൊടിക്കുകയും ആരാധകന്മാരായ ജനങ്ങൾ കുടിക്കേണ്ടതിനു അതിനെ വെള്ളത്തിൽ അരച്ചുകലക്കാൻ കല്പിക്കുകയും ചെയ്തു. അവരുടെ മുഖത്തുനോക്കി അവൻ ശാസിച്ചു. ആട്ടിൻകൂട്ടത്തിൽ നടക്കുന്ന ഇടയനെപ്പോലെ ഗാംഭീര്യത്തോടും പ്രൗഢിയോടും കൂടി അവൻ അവരുടെ ഇടയിൽ നിർഭീകനായി നടന്നു. അവന്റെ ധൈര്യത്തെക്കുറിച്ചും അവന്റെ ഉൽകൃഷ്ടാധികാരത്തെക്കുറിച്ചും നിങ്ങൾ ആശ്ചര്യപ്പെടുകയും ഇത്ര മഹത്തായോരു ശക്തി അവനുണ്ടായതു് എങ്ങിനെയെന്നറിയാൻ നിങ്ങൾ തിരകയും ചെയ്യുന്നുണ്ടായിരിക്കാം. ആരെയും സ്വാധീനപ്പെടുത്തുന്ന ഒരു മാഹാത്മ്യവും ജനനംകൊണ്ടോ ഉദ്യോഗംകൊണ്ടോ ലഭിക്കാവുന്നതിൽ കൂടുതലായ ഒരു രാജപൗരുഷവുംകൊണ്ടു് അവൻ കിരീടിതനായിരുന്നു എന്നുള്ളതിനു സംശയമില്ല. ഈ മാഹാത്മ്യം അവനു് എവിടെനിന്നു ലഭിച്ചതാണെന്നു് അറിയുന്നുണ്ടോ? നാല്പതു ദിവസങ്ങൾ അവൻ ദൈവത്തോടുമാത്രം സഹവസിച്ചു കഴിച്ചുകൂടി. സ്വർഗ്ഗീയസംസർഗ്ഗം ഒരുവനെ ശക്തനാക്കുന്നുണ്ടു്. അത്ര ദിവസങ്ങളും അവൻ

...ന്തന്റെ രഹസ്യസ്ഥലത്തായിരുന്നു. അവൻ ഒരു മനുഷ്യ...ന്റെ സ്നേഹിതനോടു സംസാരിക്കുന്നതുപോലെ ദൈവ...ത്തോടു അഭിമുഖമായി സംസാരിച്ചു. ദൈവമുഖം കണ്ടതിൽ...ട്ടു മനുഷ്യമുഖത്തെക്കുറിച്ചുള്ള ഭയം അവനിൽനിന്നു നീ...ങ്ങി നീങ്ങിപ്പോയി എന്നു വിചാരിപ്പാൻ ന്യായമുണ്ടു്. ഭയഭ...ക്തിബഹുമാനങ്ങൾക്കു അർഹനായ ഒരു ഗംഭീരാത്മാവിനോടത്രെ അവ...ൻ സംസർഗ്ഗം ചെയ്തതു്. ദൈവത്തിന്റെ മഹത്വത്തെ പുല്ലുതി...ന്നുന്ന കാളയുടെ പ്രതിമയാക്കി മാററിയ മനുഷ്യരുടെ അതിനീച...ങ്ങളുടെ നടുക്കലേക്കു ഇറങ്ങിവന്നപ്പോൾ അവൻ അകൃത്രിമമായ...ഷത്തിനാൽ ആവൃതനായിരുന്നു. ഈ പരമോന്നതിക്കു മുമ്പി...ൽ ...വരും ഭയന്നു വിറച്ചുകൊണ്ടു ഓടിക്കളഞ്ഞു.

ഇനിയും മോശെ ഒരു പ്രാർത്ഥനാമനുഷ്യനായിരുന്നു. 'എന്നെ ...ടുക്കുന്ന ദൈവം തന്നെയും പറഞ്ഞുപോകത്തക്കവണ്ണം പ്രാർത്ഥ...യോഗ്യ സർവ്വശക്തന്റെ കയ്യിനെ അവൻ തടഞ്ഞുവെച്ചുകൊ...ണ്ടിരുന്നു. തന്റെ വിശുദ്ധ വിശ്വാസത്താൽ മനുഷ്യനായ മോശെ ദൈവത്തെ തടഞ്ഞുവെച്ചു എന്നുള്ളതു് അത്ഭുതമല്ലയോ? ദൈവസ...ന്നിധിയിൽ ശക്തൻ മനുഷ്യരുടെ മുമ്പിലും ശക്തനായിരിക്കുമെ...ന്നു നിശ്ചയമായി അറിഞ്ഞുകൊൾവിൻ! മനുഷ്യർക്കുവേണ്ടി ദൈവ...സന്നിധിയിൽ നാം ശക്തിയോടു പോരാടുന്നുവെങ്കിൽ ദൈവത്തി...നുവേണ്ടി മനുഷ്യരുടെ മുമ്പിലും പോരാടുവാൻ നമുക്കു ശക്തിലഭിക്കും. പ്രാർത്ഥനകൊണ്ടു സ്വർഗ്ഗത്തെ ജയിപ്പാൻ കഴിയുന്നവനു മ...നുഷ്യരെയാണോ ജയിപ്പാൻ കഴിയാത്തതു്?

കൊടുങ്കാററുകൊണ്ടു പ്രക്ഷുബ്ധമായ കടലിന്റെ നടുവിൽ ...ഉറച്ചു നില്ക്കുന്ന പാറയെന്നപോലെ മോശെ നിന്നു. കോപാവി...ഷ്ടരായ ജനങ്ങളുടെ അട്ടഹാസം അവനെ പുറമേ ചുഴന്നുകൊണ്ടിരു...ന്നെങ്കിലും അവൻ സ്ഥിരനും കുലുക്കമില്ലാത്തവനുമായിരുന്നു. സ...മുദ്രത്തിൽ ഉറപ്പിച്ചിട്ടിരിക്കുന്ന ഉറപ്പുള്ള കൊളുത്തുപോലെ അവൻ ...നിന്നു. ഒളിച്ചും മറഞ്ഞും പാളയത്തിൽ ശേഷിച്ചിരുന്ന ...പക്ഷക്കാരെല്ലാം അവന്റെ വിളികേട്ടു ഓടിക്കൂടി. ഇങ്ങ...നെ ...തനിയെ നിന്നു കാര്യം നേരെയാക്കി. ഈമാതിരി സം...ഭവം ഒന്നല്ല, രണ്ടല്ല, പലപ്രാവശ്യം ചരിത്രത്തിൽ നാം കണ്ടിട്ടു...ണ്ടു്. ദൈവാത്മാവുകൊണ്ടു നിറഞ്ഞിട്ടുള്ള ക്രൈസ്ത്യകരാ... ...മനുഷ്യൻ തനിയെ വലിയ ജനസമൂഹത്തിനു എതിരായി ...ക്കയും, ജനസാമാന്യത്തിന്റെ മുൻവിധികളെ പാഞ്ഞുവി... ...പ്രവാഹത്തെ നെഞ്ചുകൊണ്ടു തടുക്കയും ചെയ്തിട്ടുണ്ടെന്നു മാത്ര...മല്ല, മോശെ ചെയ്തതുപോലെ തൽപ്രവാഹത്തെ വിപരീതമാർഗ്ഗേണ ...തിരിച്ചുവിടുകയും ചെയ്തിട്ടുണ്ടു്. ദൈവശക്തികൊണ്ടു് അരക്കെ... ...ഉയരങ്ങളിൽ വസിപ്പാൻ പഠിക്കയും ചെയ്തിട്ടുള്ളവ... ...ഉത്സാഹബുദ്ധികളുടെ സംഘത്തിന്റെ വീരനേതാവായി

ത്തീൎന്നിട്ടുണ്ടു്. സഹോദരീസഹോദരന്മാരേ! ക്ലിപ്തമായ പ്രമാണങ്ങളോടുകൂടിയ സ്ത്രീപുരുഷന്മാരെയാകുന്നു നമുക്കാവശ്യം. പ്രകാശിതമനസ്സും നിശ്ചിതബുദ്ധിയുമുള്ള വ്യക്തികൾ നമുക്കു കൂടിയേ കഴിയൂ. ശരിയായിട്ടുള്ളതു് എന്താണെന്നു് അറിയുന്നവരും തങ്ങളുടെ ജീവൻ അപകടത്തിൽ ആകേണ്ടിവന്നാലും അതിൽ നിന്നുമാറാത്തവരുമായിട്ടുള്ള ആളുകളെക്കൊണ്ടു് ഇന്നു വളരെ ആവശ്യം ഉണ്ടു്. ഒന്നോ രണ്ടോ ആളുകൾ നമുക്കിപ്പോഴും. കാൽ ഉറപ്പിച്ചു തങ്ങളുടെ നിലയിൽ നിന്നാൽ ഏതൊരുവൻ തള്ളിയാൽ കൂടിയും നിലയിൽനിന്നു നീങ്ങാത്ത ഉറപ്പുള്ള ജനങ്ങളുടെ ഒരു പുരുഷാരമാണു നമുക്കുവേണ്ടിയതു്. നിങ്ങൾ ആരെങ്കിലും നിങ്ങളുടെ ജനങ്ങളെ സേവിക്കുന്നതിനോ, നിങ്ങളുടെ ബന്ധുക്കളെ സ്വാധീനപ്പെടുത്തുന്നതിനോ ആശിക്കുന്നുവെങ്കിൽ നിങ്ങൾക്കു് ഓരോരുത്തൎക്കും ശരിയായ മനഃശക്തിയില്ലാതെ സാധിക്കയില്ല. മോശെക്കു് എവിടെനിന്നു ശക്തി കിട്ടിയോ അവിടെ നിന്നു നിങ്ങൾ ആ ശക്തി സമ്പാദിച്ചു കൊള്ളണം. ദൈവസന്നിധിയിൽ നിങ്ങൾ അധികനേരം തനിയെ ഇരിക്കണം. നിങ്ങളുടെ മുട്ടിന്മേൽ നില്പാൻ നിങ്ങൾ ശക്തരാകയും വേണം. ദൈവത്തിൻ വെളിച്ചത്താൽ ശോഭിക്കുന്ന മുഖങ്ങൾ കൊണ്ടു് ഈ ദുഷ്ടലോകത്തെ നോക്കുവാൻ പുറപ്പെടുവിൻ. ദൈവവുമായുള്ള സംസൎഗ്ഗം നിങ്ങൾ തിന്മയാൽ ജയിക്കപ്പെടുന്നതിനല്ല, നിങ്ങൾ നന്മകൊണ്ടു് തിന്മയെ ജയിപ്പാൻ ശക്തരാകുന്നതിനായിട്ടും നിങ്ങൾക്കു ദിവ്യസഹായത്തെ നേടിത്തരും.

മോശെയെക്കുറിച്ചു് ഇത്രയും പറഞ്ഞതു മതി. ദൈവം അവനെപ്പോലെ നമ്മെയും ആക്കട്ടെ. നമുക്കു മോശെയുടെ ചോദ്യത്തെയും കല്പനയേയും കുറിച്ചു് ചിന്തിക്കാം. "യഹോവയുടെ പക്ഷത്താരോ അവൻ എന്റെ അടുക്കൽവരട്ടെ" മൂന്നു സുപ്രധാന ഭാഗങ്ങളെ ഇതിൽ ഞാൻ കാണുന്നു. ഒന്നാമത്തേതു്, ഒരു തീരുമാനം, അതായതു് ഒരു മനുഷ്യൻ കൎത്തൃപക്ഷത്തുള്ളവനായിരിക്കണം. രണ്ടാമതു, ഒരു സ്വീകാരം, അതായതു് അവൻ "എന്റെ അടുക്കൽ വരട്ടെ" കൎത്തൃഭാഗത്തു നില്ക്കുന്നെങ്കിൽ അവൻ തന്റെ കൂടാരത്തിൽ പതുങ്ങിയിരിക്കയല്ല വേണ്ടതു്. ശത്രുവിനെ അഭിമുഖീകരിച്ചു നില്ക്കട്ടെ. മൂന്നാമതു്, ഒരു പ്രതിജ്ഞ, കൎത്തൃഭാഗത്തുള്ളവർ കൎത്തൃകല്പനയനുസരിക്കയും, എന്തുവന്നാലും യഹോവയുടെ യുദ്ധങ്ങൾ നടത്തുകയും ചെയ്യുന്നതിനുവണ്ണം മോശയുടെ അടുക്കലേക്കു വരണം.

1. ഇവയിൽ ഒന്നാമത്തേതു കൎത്തൃഭാഗത്തു് ആയിരിക്ക എന്നുള്ളതാണല്ലോ. ഒരു മനുഷ്യന്റെ ശ്രദ്ധയിൽപ്പെടുന്ന സകല വിഷയങ്ങളിലും വെച്ചു് അതിഗംഭീരവും മുഖ്യവുമായ സംഗതിയെക്കുറിച്ചുള്ള തീരുമാനമത്രേ ഇതു്. ഇവിടെ ഇതാ! രണ്ടു പാളയങ്ങൾ അതായതു ദൈവത്തിന്റേയും സാത്താന്റേയും, സത്യത്തിന്റേ

ം വ്യാജത്തിന്റേയും, വിശുദ്ധിയുടേയും പാപത്തിന്റേയും പക്ഷ
ങ്ങൾ തന്നെ. ഇതിൽ ഏതു ഭാഗത്താണു നാം ചേർന്നു നിൽക്കു
ന്നതു? ഈരണ്ടിന്നുമിടയിൽ ഒരു മനുഷ്യൻ ഞെരുങ്ങികൊണ്ടു ഇ
ങ്ങിനെ പറയുന്നതായി ഞാൻ കേൾക്കുന്നു. എന്റെ ഹൃദയം ആരു
ക്കു കൊടുക്കേണ്ടു? എന്റെ ശുശ്രൂഷ എവിടെയാണു അർപ്പിക്കേണ്ടതു?
അപകടമുള്ളതും ഗൌരവമുള്ളതുമായ ഒരു സ്ഥാനത്താണു അയാൾ
സംശയിച്ചു നിൽക്കുന്നതെന്നു എനിക്കു തോന്നുന്നു. എന്തിനെ അവ
ൻ തിരഞ്ഞെടുത്താലും അതു നിത്യതയിലേക്കുള്ളതാണു. ഒന്നുകിൽ
സ്വർഗ്ഗവും അതിന്റെ സർവ്വമഹിമകളും; അല്ലാഞ്ഞാൽ നരകവും അ
തിന്റെ സകല ഭയങ്കരങ്ങളും. മനുഷ്യൻ ദൈവത്തിനുള്ളവനോ,
ദൈവശത്രുവിനുള്ളവനോ എന്ന ചോദ്യത്തിനു, ദൂതന്മാർക്കു അവൻ
വന്ദ്യ, അല്ലെങ്കിൽ പിശാചുക്കൾക്കു അവൻ ചെങ്ങാതി എന്നതാ
കുന്നു. ഒന്നുകിൽ വെളുപ്പും നിത്യമായ ആരാധനാഗീതങ്ങളും;
അല്ലാത്തപക്ഷം മഷിപോലെയുള്ള കറുപ്പും അനന്താരിഷ്ടതയുള്ള
നിത്യപ്രലാപവും. ഇതിനാലത്രേ നീ ദൈവപക്ഷത്തുള്ളവനോ എ
ന്നുള്ള ചോദ്യങ്ങൾക്കിടയിൽ നിൽക്കുന്ന മനുഷ്യന്റെ സ്ഥിതി ഏ
റ്റം ഭയജനകമായിരിക്കുന്നതു. മറ്റു സംഗതികൾക്കെല്ലാം അവശ്യോ
ചിതമായ ആലോചന മതി. എന്നാൽ ഇതിനു നിന്റെ ആലോചനാ
ശക്തി മുഴുവൻ ഉപയോഗിക്കണം. നിന്റെ ബുദ്ധിയും ജ്ഞാനവും
ഈ വിഷയത്തിൽ കേന്ദ്രീഭവിച്ചിട്ടു സർവ്വശാന്തതയോടും ഭാവനാശ
ക്തിയോടും ഇതിനെക്കുറിച്ചു ചർച്ചചെയ്തു തീരുമാനിക്കണം. ആലോ
ചനയുടെ മുഴുഗാംഭീര്യത്തോടും നിർണ്ണയത്തിന്റെ മുഴുനിഷ്ഠയോടും
ദൈവകരുണയാൽ നീ തെരഞ്ഞെടുക്കുന്നതിനെ അന്തംവരെ പാ
ലിക്കണം. ഈ വിഷയത്തെക്കുറിച്ചു തീരുമാനം ചെയ്യാതെ വല്ലവ
രും ഇവിടെ നിൽപ്പുണ്ടോ? "യഹോവയുടെ പക്ഷത്തു ആരു?" എ
ന്നുള്ള ചോദ്യം തങ്ങളുടെ മുമ്പിൽക്കൂടി കടന്നുപോകുമ്പോൾ നി
ങ്ങളിൽ ചിലർ ഞാൻ ഇതുവരെ ഒന്നും തീർച്ചപ്പെടുത്തിയിട്ടില്ല
എന്നു പറഞ്ഞേക്കാം എന്നു ഞാൻ ഭയപ്പെടുന്നു. എന്നാൽ തീരുമാ
നിപ്പാൻ ഇതുതന്നെ സമയം. കാരണം അതു ദൈവത്തിന്നും പിശാ
ചിന്നും, ക്രിസ്തുവിന്നും, ബെലിയാലിന്നും, സ്വർഗ്ഗത്തിന്നും, നരക
ത്തിന്നും മദ്ധ്യേ നില്ക്കുന്ന ഒരു ഭയങ്കര സംഗതിയാകുന്നു. അറി
ഞ്ഞാലും അറിയാഞ്ഞാലും താൻ നില്ക്കുന്നു എന്നു വിചാരിക്കുന്ന ന
ടുവഴി വാസ്തവത്തിൽ പിശകായ സ്ഥാനമാകുന്നു. നമ്മുടെ യേശു
കർത്താവു അതിനെക്കുറിച്ചു ഇങ്ങനെയല്ലോ പറഞ്ഞിരിക്കുന്നതു.
"എന്നോടുകൂടിയല്ലാത്തവൻ എനിക്കു വിരോധി ആകുന്നു. എന്റെ
കൂടെ ചേർക്കാത്തവൻ ചിതറിക്കുന്നു."

പ്രിയ സ്നേഹിതരെ! അത്ര പ്രാധാന്യവും ഘനവുമുള്ള ഈ തീ
രുമാനം കഴിവതും മുൻകൂട്ടി ചെയ്യേണ്ടതാകുന്നു; ഉലാസ്യകളിൽ ഉ
കിയിട്ടേക്കുവാനുള്ള ഒരു കാര്യമല്ല ഇതു. യൗവനക്കാർ ഇതിനെക്കു

റിച്ചു് ചിന്തിക്കയും, രണ്ടു് അഭിപ്രായങ്ങളുടെ ഇടയിൽ തങ്ങളുടെ ആയുസ്സിന്റെ പുഷ്ടിതമായ ഭാഗത്തെ നഷ്ടമാക്കാതിരിക്കയും ചെയ്തിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു! അഗേസിലോസ് മാസിഡോണിയായുടെ അതിരുകൾക്കു് അടുത്തപ്പോൾ തദ്ദേശനിവാസികൾക്കയച്ച സംക്ഷിപ്തമായ ദൂതു് ഇങ്ങനെയായിരുന്നു: 'നിങ്ങൾ ശത്രുക്കളോ? മിത്രങ്ങളോ?' 'ഞങ്ങൾ സ്വല്പനേരമിരുന്നാലോചിക്കണം' എന്നായിരുന്നു ഇതിനു ദേശനിവാസികൾ മറുപടി കൊടുത്തതു്. അതിനു് അദ്ദേഹത്തിന്റെ മറുപടി എന്തായിരുന്നു? "നിങ്ങൾ ആലോചിച്ചുനിരിക്കുമ്പോൾ ഞങ്ങൾ സൈന്യത്തെ നയിക്കുന്നതായിരിക്കും; നിങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ ഞാനിതു തീരുമാനിച്ചു കഴിഞ്ഞു. നിങ്ങൾ സംശയിച്ചുകൊണ്ടിരിക്കെ ഞാൻ മുന്നോട്ടുകടന്നു് എന്റെ ഹൃദയം ദൈവത്തിനു സമർപ്പിച്ചു. നിങ്ങൾ താമസിച്ചിരിക്കുമ്പോൾ ഞാൻ പാപം, മരണം, നരകം ഇവയോടു് യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നു. നിങ്ങൾ ചെലവുകണക്കുകൂട്ടിക്കൊണ്ടിരിക്കുമ്പോൾ ക്രിസ്തുവിന്റെ നിന്ദ മിസ്രയീമിലെ സകല നിക്ഷേപങ്ങളെക്കാളും വിലയേറിയ ധനമായി ഞാൻ കണക്കിട്ടിരിക്കുന്നു!" എന്നു മററുള്ളവരോടു പറവാൻ കഴിയുന്ന യുവജനമാർ ഭാഗ്യമുള്ളവർ. പാപത്തിനെതിരായി മാറ്റൃരിപ്പിടിച്ചുകൊണ്ടു ശത്രുവിനോടു യാതൊരു സഖ്യവും ചെയ്യാതെ തീരുമാനത്തിന്റെ നദിയിലേക്കു നനച്ചിറങ്ങി അതിനെ കടക്കുന്നവൻ ഭാഗ്യവാൻ. അല്ലയോ മനുഷ്യാ! ഉടൻതന്നെ തീരുമാനിക്ക. കാരണം; മരണം നിന്റെ അടുത്തുണ്ടു്. നിത്യതയുടെ അരുണോദയം ആരംഭിക്കയും ചെയ്യുന്നു. യുവാവേ! താമസിക്കരുതു്. തരുണികളേ! കാത്തിരിക്കേണ്ട. ഓരോ മണിക്കൂറും ഒരു ഭോഷത്വമായ തിരഞ്ഞെടുപ്പിനു നിന്നെ പ്രേരിപ്പിച്ചേക്കാം. താമസം അപായകരം. കാരണം, അതു നിന്നിൽ അഗണ്യത എന്ന രോഗത്തെ ഉളവാക്കും. ജീവന്മൃതനാകാതിരിപ്പാൻ സൂക്ഷിക്ക. ജീവിതകാലം മുഴുവൻ സംശയിച്ചു സംശയിച്ചു സംശയിച്ചുകിടക്കയോ? അങ്ങനെയെങ്കിൽ യഹോവയുടെ സൈന്യങ്ങളോടൊരുമിച്ചു യാത്രചെയ്യാൻ നിങ്ങൾക്കു കഴികയില്ല. ഈ സ്ഥാനത്തുവെച്ചുതന്നെ ഒരു തീരുമാനം ചെയ്യാൻ കൃപ ഓരോരുത്തനെ നടത്തിയെങ്കിൽ കൊള്ളായിരുന്നു.

ഇതു സർവ്വപ്രധാനമായ ഒരു തീരുമാനമാകുന്നു. ഇതിന്റെ പിന്നാലെ ജീവിതകാലം മുഴുവൻ നീ ചെയ്യുന്ന തീരുമാനവും ഇതിനെ ആശ്രയിച്ചിരിക്കും. "യഹോവയുടെ പക്ഷത്തുള്ള വീരന്മാരുടെ പട്ടികയിൽ എന്റെ പേർകൂടി എഴുതുക" എന്നു പറവാൻ ദൈവകരുണ എന്നെ നടത്തുന്നുവെങ്കിൽ ആ ദിവസംമുതൽ മററു ഓരോ സംഗതിയും പ്രസ്തുത തീരുമാനത്തിന്റെ വെളിച്ചത്തിൽ മാത്രമേ പരിശോധിക്കപ്പെടുകയുള്ളൂ. അതിന്റെ ശേഷം സത്യം പഴഞ്ചന്നി ധരിച്ചുകൊണ്ടു നടക്കുന്നയാണെങ്കിലും നിന്റെ സ്നേഹത്തെ

യുമെന്നുള്ളതു സംഭാവ്യമാണോ? അവൻ ദിനെ ദിനെ നമ്മെ പരിപാലിക്കുന്നു. അവന്റെ കൈയ്യിലത്രെ നമ്മുടെ ശ്വാസമിരിക്കുന്നതു്. അവനോട്ട് എതിർത്തു നമുക്കു ജീവിപ്പാൻ കഴിയുമോ? നമുക്കവനോടുള്ള കടമകൾ ഓർത്താൽ ദൈവത്തോടു നാം ചേരുവാൻ തീരുമാനിക്കുക എന്നുള്ളതു് ഒരു നിഷ്പ്രയാസവിഷയമാകുന്നു. നാം നമ്മുടെ അസ്തിത്വത്തിനു മാത്രമല്ല അവനു കടംപ്പെട്ടിരിക്കുന്നതു്. - പിന്നയോ നാം ഇപ്പോൾ അനുഭവിക്കുന്നതും മേലാൽ അനുഭവിക്കാമെന്നാശിക്കുന്നതുമായ ഓരോ കൃപയും കടപ്പെട്ടവരത്രെ. ഒരു മനുഷ്യൻ തന്റെ സ്നേഹിതന്റെ, അതായതു സ്നേഹിതന്മാരിൽ അത്യുത്തമന്റെ ഭാഗത്തു നിൽക്കേണ്ടതല്ലയോ? ദൈവം തരുന്ന എല്ലാ അനുഗ്രഹങ്ങളേയും അനുഭവിക്കുന്നതിൽ നിന്നുളവാകുന്ന നമ്മുടെ കടമയേക്കുറിച്ചു നാം വിചാരിക്കുന്നപക്ഷം നമ്മുടെ ഹൃദയം ദൈവത്തിന്നും അവന്റെ ക്രിസ്തുവിന്നും കൊടുപ്പാൻ തൽക്ഷണം നാം ഒരുങ്ങാതിരിക്കയില്ല. ശരിപ്പെട്ട മനസ്സുള്ള മനുഷ്യനു്, 'ഉവ്വ്, ഞാൻ സത്യത്തിന്റെ ഭാഗത്തുതന്നെ' എന്നു പറയുന്നതിനു മടിയുണ്ടായിരിക്കയില്ല. കാരണം, ദൈവം സത്യമാകുന്നു. നാം അവന്റെ ഭാഗത്തല്ലോ ആയിരിക്കേണ്ടതു്. നാം നമ്മെത്തന്നെ ദൈവത്തിനു കീഴ്പെടുത്തിക്കൊടുക്കണമെന്നു ശരിയായി എല്ലാ പ്രമാണങ്ങളും ആവശ്യപ്പെടുന്നു. നീതിയുള്ള പക്ഷം അവന്റേതാണ്. സത്യമുള്ള പക്ഷവും അതുതന്നെ. ഒടുവിൽ ജയം കൊള്ളുന്നതും, സകല വിശുദ്ധന്മാരാലും സിദ്ധന്മാരായ ആത്മാക്കളാലും ആലോചനാപൂർവ്വം പരിഗ്രഹിക്കപ്പെട്ടിട്ടുള്ളതും, ഔൽസുക്യത്തോടെ പിടിച്ചുകൊള്ളപ്പെട്ടിട്ടുള്ളതുമായ ഭാഗവും അവന്റേതന്നെ. നമ്മുടെ തീരുമാനത്തിനു് ഇനിയും അധികം ആലോചിച്ചു താമസിക്കണമോ?

വഴി തെളിവായിരിക്കുമ്പോൾ ചോദിച്ചറിയുവാൻ സമയം കളയുന്നവനാര്? എങ്കിലും നമ്മുടെ പാപത്തെക്കൊണ്ടു പരമാർത്ഥവും നിഷ്കളങ്കവും നടപ്പിൽ വരുത്താവുന്നതുമായ തീരുമാനത്തിലെത്തുന്നില്ലെന്നുള്ളതു വ്യസനകരമായ ഒരു വാസ്തവമാകുന്നു. പരിശുദ്ധാത്മാവു നമ്മുടെ ഹൃദയങ്ങളെ സ്വാധീനപ്പെടുത്തുകയും, നമ്മുടെ പാപകരമായ ഇച്ഛകളുടെ അടിമയിൽനിന്നു നമ്മെ വിടുവിയും ചെയ്യുന്നതുവരെ തീരുമാനം ചെയ്വാൻ നമുക്കു പ്രാപ്തിയുണ്ടാകയില്ല. ഹാ! ദൈവത്തിന്റെ ആത്മാവു് ദൈവഭാഗം തിരഞ്ഞെടുപ്പാൻ നമ്മെ നടത്തിയെങ്കിൽ നന്നായിരുന്നു. മനുഷ്യരിൽ അധികംപേരും തങ്ങളുടെ സ്വന്ത നന്മ മാത്രം നോക്കി അങ്ങോട്ടു ചായുന്നവരാണ്. ഏതു ഭാഗത്തു ചേർന്നാലാണു് എനിക്കു് അധികം നന്മ? എനിക്കധികം ഗുണം? ഏതു ഭാഗത്തു ചേർന്നാൽ എനിക്കു് അധികം പണവും ബഹുമതിയും സുഖവും കിട്ടും? എന്നിങ്ങനെ അവൻ പറയുന്നു, എന്നാൽ ദൈവപക്ഷത്തുള്ളവൻ ഈ ഹീനവി

ാരങ്ങളെ നിന്ദിക്കുന്ന, വർത്തമാനജന്മത്തു് ഉപകരിക്കുന്ന ഏതു
ങ്ങൾ എന്നുന്നവയെ അല്ല, പിന്നെയോ നീതിയും ന്യായവുമായതിനെ നാ
ൻ അനുക്രമിക്കുന്നു.

കഷ്ടം! മനുഷ്യഭയത്താൽ അനേകർ തെറ്റിപ്പോകുന്നു. മനു
ഷ്യന്റെ കാര്യങ്ങളെ നടത്തുന്നതിൽ ഈ ദുഷ്പ്രകൃതി എത്ര ശ
ക്തിയായി പ്രവർത്തിക്കുന്നതാണു്. നീതിചെയ്യാൻ മനുഷ്യർക്കു് ഇ
ച്ഛയുണ്ടെങ്കിലും അവർക്കു് അതിനു ധൈര്യമില്ല. തെറ്റിൽനി
ന്നു് ഒഴിയണമെന്നു് അവർ വിചാരിക്കുന്നു. എന്നാൽ അതു് ഒരു
കടുത്ത തീരുമാനമായിപ്പോയി എന്നു പറഞ്ഞുകൊണ്ടു് അവരെ പ
രിഹസിപ്പാൻ മനുഷ്യർ ഒരുങ്ങി നിൽക്കുന്നു. അതുകൊണ്ടു നി
ങ്ങൾ മനസ്സാക്ഷി ശാസിക്കുന്ന കാര്യങ്ങൾക്കു കൂടി ഉൾപ്പെടുന്നു. എ
ന്റെ സഹോദരന്മാരും സഹോദരിമാരുമേ! ഇതിൽനിന്നു വിടു
മായ ഒരു ഹൃദയം ധൈര്യം നമുക്കു തരട്ടെ. മനുഷ്യാഭിപ്രായ
ങ്ങൾക്കു കുറഞ്ഞ വില മാത്രം നാം കൊടുക്കുക. ദൈവാജ്ഞയെ
തിലംഘിക്കുന്നതിനേക്കാൾ ശത്രുക്കളെ ഉണ്ടാക്കുന്നതിൽ നാം ഭ
പ്പെടേണ്ടാ. എനിക്കെത്ര ശത്രുക്കളുണ്ടു് എന്നാലോചിക്കാതെ,
അവർ എവിടെ? എന്നു മാത്രം ചോദിച്ച ആ പഴയ സ്പാർട്ടന്റെ
മനസ്സു നിങ്ങൾക്കുണ്ടായിരിപ്പാൻ ഞാൻ ഇച്ഛിക്കുന്നു. ഉവ്വു്, അ
വർ എവിടെ? എന്നു ചോദിച്ചാൽ മതി. അവരെ എതിരിടുവാൻ
നാം തയ്യാറാകണം. അവരുടെ എണ്ണമറിവാൻ ശ്രമിക്കരുതു്. സ
ത്യത്തിനും നീതിക്കും വളരെ ശത്രുക്കൾ ഉണ്ടായാലും ലേശം വി
ചാരപ്പെടരുതു്. അവരുടെ ശക്തിയോ അവരുടെ ആക്രമണംകൊ
ണ്ടു നിനക്കുണ്ടാകുന്ന നഷ്ടത്തെയോ നീ ഗണിക്കരുതു്. ഉടൻ പോർ
വിളിച്ചുകൊണ്ടു യുദ്ധത്തിനിറങ്ങുക. ദൈവത്തിനും നീതിക്കും
വേണ്ടി ശരിയായ പക്ഷത്തു് അണിയോജിക്ക.

മറ്റൊരു സംഗതികൂടി പറയേണ്ടിയിരിക്കുന്നു. ഈ തീരുമാ
നത്തിനു് അപ്പുറത്തു വേറൊരു നില മാത്രമേ ഉള്ളു. നാം ദൈവപ
ക്ഷത്തല്ലെങ്കിൽ എതിർ പക്ഷത്തത്രേ. വേദപുസ്തകം ഒട്ടുക്കു പരി
ശോധിച്ചാലും മൂന്നാമതൊരു പക്ഷമില്ല. ഇടനിലയിൽ നില്പാൻ
ശ്രമിക്കുന്ന വളരെ ജനങ്ങൾ ഇപ്പോൾ ഉണ്ടു്. കഴിയുമെങ്കിൽ അ
വർ ഇരുഭാഗത്തേക്കും പോകും. അല്ലാത്തപക്ഷം ഒരു ഭാഗത്തും യോ
ജിക്കയില്ല. ആരും ഉപദ്രവമുണ്ടാക്കാതെ വെറുതെ ഇരിപ്പാൻ അ
വരെ അനുവദിക്കണമെന്നു് അവർ പറയുന്നു. തങ്ങളുടെ കാര്യം ത
ങ്ങൾക്കു്, മറ്റൊന്നിനെപ്പറ്റിപ്പറയുന്നതിനോ പ്രവർത്തിക്കുന്നതി
നോ അവർക്കു മടിയില്ല. എന്നാൽ ഈ ലോകത്തിനും ആ ലോകത്തി
നും കൂടിച്ചേരുന്ന നിലയില്ല. ഭൂമിമേൽ തീർച്ചയില്ലാത്ത ഒരു സ്വ
ർഗ്ഗം കാണ്മാനില്ല. അദൃശ്യലോകത്തിൽ മദ്ധ്യനിലയിൽ ഇ
രിക്കുന്നവർക്കു് ഒരു ഖസ്പൂക്കാനും ഇല്ല. ഈ ലോകത്തിലോ ആത്മി
ന്നുള്ള നിങ്ങൾക്കു സുഖമില്ല. ശക്തിമാന്മാർക്കെതിരെ യഹോവയു

ടെ ശേസനൃത്തിന്നു സഹായമായി എന്നു പരാസ്സയാൽ തിരുവെ
ഴുത്തുകൾ അതികഠിനമായി നിങ്ങളെ ശപിക്കുന്നു. സ്തുതിക്കനി
നിങ്ങൾ ദൈവത്തിൻെറ സ്നേഹിതന്മാരായിത്തീരുന്നതുവരെ
അവൻെറ ശത്രുക്കളായിട്ടത്രേ ഗണിക്കപ്പെടുന്നതു്. അതുകൂടാതെ
വൃത്തിയില്ല. കാരണം, നേരില്ലാത്തവൻ കള്ളനും, ഇന്ദ്രിയനി
ഗ്രഹമില്ലാത്തവൻ അശുദ്ധനും, ദൈവത്തോടു് അനുകൂലമില്ലാത്ത
ൻ അവൻെറ വൈരിയുമാകുന്നു.

മഹത്തായ സകല വിഷയങ്ങളും, മനുഷ്യഹൃദയത്തിൽ ഒ
ന്നുകിൽ ഒരു വഴിക്കു് അല്ലെങ്കിൽ തദ്വിപരീതമായ വേറൊരു വ
ഴി ശക്തിമത്തായ ക്ഷോഭത്തെ ഉളവാക്കുന്നുവെന്നുള്ളതു പാസ്സവ
യിരിക്കയാൽ സകല വിഷയങ്ങളിലുംവെച്ചു മഹത്തമമായ
വിഷയത്തിൻെറയും ഗതി അന്യഥാ വരാൻ നിവൃത്തിയില്ല.
എൻെറ സ്നേഹിതാ! ദോഷവഴിക്കു നിൻെറ ഹൃദയത്തിൽ ഇപ്പോ
ക്ഷോഭമുണ്ടാകുന്നില്ലെന്നിരുന്നാലും ദോഷത്തിലേക്കുള്ള വല
ക്ഷോഭത്തെ ഉളവാക്കുവാൻ കഴിയുന്ന ഏതോ ഒന്നു നിൻെറ ആ
വിൽ ഒളിച്ചു കിടപ്പുണ്ടു്. ദൈവ യോഗത്തേക്കു നിന്നെ നടത്തു
ദൈവകരുണയാൽ അതിനെ കൊല്ലുന്നില്ലെങ്കിൽ നിൻെറ ഹൃ
ത്തിൽ ഉറങ്ങിക്കിടക്കുന്ന പാപമാകുന്ന ദോഷശക്തി ഒരു ദിവ
ഉണർന്നെഴുന്നേറ്റു് തൻെറ ശക്തിയുടെ ഭയങ്കരമായ വലിപ്പം
ണിക്കുമെന്നുള്ളതിന്നു സംശയമില്ല.

അമ്മപ്പുക്കൊണ്ടു മരവിച്ചു കിടക്കുന്ന ഒരു അണലി ചൂടുപി
ച്ചുണർന്നു് അടുത്തുള്ളവരെ കൊത്തുന്നതുപോലെ പാപവും തൻെറ
മയത്തു് അങ്ങിനെ ചെയ്യും. രക്തത്തിൻെറ സ്വാദു് അറിഞ്ഞിട്ടി
ത്ത ഒരു സിംഹക്കുട്ടി ഒരു പൂച്ചയെപ്പോലെ മരുക്കമുള്ളതായി
ക്കാം. എന്നാൽ ക്രമംകൊണ്ടു് അതു് ഒരു ദുഷ്ടമൃഗത്തിൻെറ സ
ല ലക്ഷണവും അംഗീകരിച്ചുകൊള്ളും. ഇതുപോലെയത്രേ മ
ഷ്യാത്മാവിൽ ഒളിച്ചുകിടക്കുന്ന അകൃത്യദേവതയും. അതിനാ
ഒന്നുകിൽ ദൈവത്തിന്നും ക്രിസ്തുവിന്നുമുള്ളവരായിട്ടോ, അല്ലാ
പക്ഷം സാത്താൻെറ ദാസന്മാരായിട്ടോ നിങ്ങൾ തീരാതെ നി
ത്തിയില്ല. ഒന്നുകിൽ നിങ്ങളെ വിശുദ്ധി പിടികൂടണം. അ
ങ്കിൽ നിങ്ങൾ പാപത്താൽ ബന്ധിക്കപ്പെടണം. സ്വർഗ്ഗം നിങ്ങ
സ്വാധീനപ്പെടുത്തി തങ്കലേക്കു് ആകർഷിക്കയോ അല്ലാത്തപക്ഷം ന
കം നിങ്ങളുടെമേൽ മുദ്രവെച്ചു നിങ്ങൾ അധഃപതിക്കയോ
ണ്ടതാകുന്നു. അതുകൊണ്ടു ദൈവപക്ഷത്തു ചേൎന്നു നില്പാൻ തീരു
നിച്ചിട്ടുള്ള എല്ലാവരും അവിടെ ഉറപ്പായി അനുസന്ധിച്ചു നി
ന്നതിന്നും, തീരുമാനിച്ചിട്ടില്ലാത്തവർ ഉടൻ തീരുമാനത്തിലേ
വരുവാൻ ആത്മാവിനാൽ നടത്തിക്കപ്പെടുന്നതിന്നും താല്പൎയമാ
പ്രാൎത്ഥിച്ചുകൊണ്ടു് ഈ ഭാഗം വിടുന്നു.

(തുടരും.)

# ഇങ്കർസോളിൻെറ വായടഞ്ഞതു്.

പ്രസിദ്ധ നിർവിശ്വാസിയായ ഇങ്കർസോൾ ഇല്ലിനോയി
എന്ന സംസ്ഥാനത്തെ ഗവർണ്ണരാകുവാൻ ഭഗീരഥശ്രമം ചെ
ം വോട്ടുകിട്ടാതെ (തോററു) പോകയാൽ വളരെ ഭഗ്നാശനായി
ന്നു. അല്പനാൾ കഴിഞ്ഞു് അയാൾ ചിക്കാഗോയിക്കും പി
റിയായിക്കും മദ്ധ്യേയുള്ള തീവണ്ടിയിൽയാത്ര ചെയ്തുകൊണ്ടി
ന്നപ്പോൾ ക്രിസ്തുമാർഗ്ഗത്തിലുള്ള തൻെറ നിർവിശ്വാസതയെ ക്കു
്് സഹയാത്രക്കാരോട്ടു് ഉച്ചത്തിൽ വളരെനേരം സംസാരിക്ക
ണ്ടായി. ആർക്കും അസഹ്യം തോന്നത്തക്കവണ്ണം ഒട്ടധികം പ്ര
സംഗിച്ചശേഷം തൻെറ അടുത്തുണ്ടായിരുന്ന ഒരാളിൻെറ നേരെ
തിരിഞ്ഞു് അയാളോട്ടു് ഇങ്ങിനെ പറഞ്ഞു:—'ക്രിസ്തുമതം സാധി
ട്ടുള്ള വലിയ സംഗതികളിൽ ഏതെങ്കിലും ഒന്നു പറഞ്ഞുത
ാലും' ഇതു കേട്ട മാന്യൻ ഈ അഹമ്മതിക്കാരനുമായിട്ടു വെറു
ം തക്കമുണ്ടാകേണ്ട എന്നുകണ്ടു് ഉത്തരം പറവാൻ മടിച്ചു. കുറ
കഴിഞ്ഞപ്പോൾ വണ്ടിനിന്നു. എല്ലാവരും മൌനമായിരുന്നു. ഉ
ൾ നിർവിശ്വാസിയുടെ അടുത്ത പുറകിലിരുന്ന വൃം വയസ്സു
ായമുള്ള ഒരു വലിയമ്മ വിറയ്ക്കുന്ന കൈകൾകൊണ്ടു് അയാളു
ടെ കൈ പിടിച്ചുകൊണ്ടു 'യജമാനനേ, നിങ്ങൾ ആരാണെന്നു് എ
നിക്കറിഞ്ഞുകൂടാ. എങ്കിലും ക്രിസ്തുമതം ചെയ്തിട്ടുള്ള വലുതും ശ്ലാ
ഘ്യവുമായ ഒരു സംഗതി നിങ്ങളോടു പറവാൻ എനിക്കു കഴിയു
മെന്നു ഞാൻ വിചാരിക്കുന്നു.'

ഇങ്കർസോൾ: 'എന്താണതു മദാമ്മേ' എന്നു ചോദിച്ചു.

അവർ അതിനു മറുപടി പറഞ്ഞതു് ഇങ്ങിനെയാണ്: 'ഇ
ല്ലിനോയിസ് എന്ന മഹാസംസ്ഥാനത്തിൻെറ ഗവർണ്ണരാകുവാൻ
ശ്രമിച്ച റോബർട്ടു്, ജി. ഇങ്കർസോൾ എന്ന നിർവിശ്വാസിയെ
സ്ഥാനത്തിൽ നിന്നു തടഞ്ഞതുതന്നെ". ഇതിനോടുകൂടി വണ്ടി ഒട്ടുക്കു്
ഒരു ശക്തിവ്യാപിച്ചതുപോലെ യാത്രക്കാർക്കു തോന്നി. ഇങ്കർസോ
ളിൻെറ മുഖം വിളറി. അയാൾ ലജ്ജിച്ചുമിണ്ടാതിരുന്നു.

ഈ ഭക്തയായ മദാമ്മ ഇപ്പോൾ അന്ത്യവിശ്രമത്തിലേക്കു
പോയിരിക്കുന്നുവെങ്കിലും അവരുടെ ധീരതയുള്ള വാക്കു് ആ
നാളും വിസ്മരിച്ചുകളകയില്ല.

# ഡോക്ടർ ഫെയാർബെയർഡും സ്നാനവും

## (തുടർച്ച)

### പ്രസ്താപനം.

പരിശുദ്ധാത്മാവിനാലും അഗ്നിയാലുമുള്ള സ്നാനം.

"ദൃഷ്ടാന്തമായി, മത്താ. 3: 11-ൽ കാണുന്ന യോഹന്നാൻ ബപ്തിസ്തിന്റെ വാക്കുകൾ നമുക്കെടുക്കാം. 'ഞാൻ നിങ്ങളെ മാനസാന്തരത്തിന്നായി വെള്ളത്തിൽ സ്നാനം കഴിപ്പിക്കുന്നതേയുള്ളു. അവൻ (ക്രിസ്തു) നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏല്പിക്കും.' ഞാൻ ചോദിക്കട്ടെ. ഇവിടെ കാണുന്ന 'ബപ്റ്റൈറസ്' എന്ന പദത്തിനു യോഹന്നാൻ എന്തർത്ഥമാണുദ്ദേശിച്ചിട്ടുള്ളത്? മുക്കുക എന്നാണോ അവന്റെ ഉദ്ദിഷ്ടം? അങ്ങിനെയെങ്കിൽ അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും അഗ്നിയിലും മുക്കും. എന്നു പ്രസംഗിച്ചതായി നമുക്കു വിചാരിക്കാമോ? ഈ ചോദ്യത്തിനു സാമാന്യബുദ്ധിയിൽ നിന്നുള്ള ഉത്തരം പാടില്ല എന്നാണ്."

### നിരൂപണം.

'അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും അഗ്നിയിലും മുക്കും' എന്നു പ്രസംഗിച്ചതായി നമുക്കു വിചാരിക്കാമോ? എന്നുള്ള ചോദ്യത്തിനു 'പാടില്ല' എന്നുള്ള ഗ്രന്ഥകർത്താവിന്റെ മറുപടിയെ ഞങ്ങൾ പ്രതിഷേധിക്കയും, അതേ, അങ്ങിനെ തന്നെ എന്നു പ്രത്യുത്തരം പറയാവുന്നതാണെന്നു ഞങ്ങൾ വാദിക്കയും ചെയ്യുന്നു. ഇതിനുള്ള ന്യായങ്ങൾ താഴെ കാണിക്കാം.

1. 'മുക്കുക' എന്നർത്ഥം വരുന്ന ഗ്രീക്കുപദമാണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്.

2. ഒരു വസ്തുവിനെയോ ആളിനെയോ എടുത്തു ഒരു ദ്രവസാധനത്തിൽ മുക്കിയോ അല്ലെങ്കിൽ ആ ദ്രവസാധനം കൊണ്ടു മുഴുവൻ മൂടിയോ മുഴുക്കൽ നടത്താം. ഇതിൽ ഏതു പ്രയോഗമാണു പ്രസ്തുതവിഷയത്തിൽ വേണ്ടതെന്നു വിശിഷ്യ പറഞ്ഞിട്ടില്ലായ്കയാൽ നിമജ്ജനത്തിനു ബാധകമില്ല.

3. പരിശുദ്ധാത്മസ്നാനം ഒരു മുഴുക്കലായിരുന്നു എന്നു നിമജ്ജനവിപക്ഷക്കാരുടെ എതിരാളികൾ കൂടി സമ്മതിച്ചിട്ടുണ്ട്.

അതിനാൽ യോഹന്നാൻ, 'ബപ്റ്റൈറസ്' എന്ന വാക്കിനു മുഴുകൽ എന്നാണർത്ഥം സങ്കല്പിച്ചിട്ടുള്ളതെന്നു നിസ്സംശയം തീരുമാനിക്കാം.

## പ്രഖ്യാപനം.

"വീണ്ടും ഞാന ചോദിക്കട്ടെ. കർത്താവിന്റെ മുന്നോടിയുടെ ഈ ഗണ്യമായ പ്രവചനം എപ്പോൾ എങ്ങനെ നിവൃത്തിയായി? ......അതിൻപ്രകാരം ഏതാനും ദിവസങ്ങൾ കഴിഞ്ഞു പെന്തിക്കോസ്തു പെരുനാളിൽ ഈ പിതൃവാഗ്ദത്തം അക്ഷരപ്രകാരം നിവൃത്തിച്ചുവല്ലോ. അതെങ്ങിനെ? അപ്പോസ്തലന്മാർ പരിശുദ്ധാത്മാവിലും അഗ്നിയിലും മുക്കപ്പെട്ടുവോ? നേരെ മറിച്ചു നാം പ്രവൃത്തി 2-ൽ പറയുന്നവൃത്താന്തം പരിശോധിക്കുന്നതായാൽ "ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിൽനിന്ന പകരും" എന്നിങ്ങനെ യോവേൽ പ്രവാചകൻ മുഖാന്തരമുള്ള കർത്തൃവചനം നിവൃത്തിയായെന്ന പത്രോസ് പ്രസ്താവിക്കുന്നതായിട്ടല്ലെ നാം കാണുന്നതു? വാക്യം 17. കൂടാതെ പുനർജീവിക്കപ്പെട്ടവനും ഉയർത്തപ്പെട്ടവനുമായ കർത്താവിനെക്കുറിച്ചു പറയുമ്പോൾ വീണ്ടും പത്രോസ് പറയുന്നതു: "നിങ്ങൾ ഈ കാണുകയും കേൾക്കുകയും ചെയ്യുന്നതു പകർന്നതു" വാക്യം 33. പിന്നെയും ഞാൻ ചോദിക്കുന്നു: ശിഷ്യന്മാർ അഗ്നിയിൽ സ്നാനപ്പെട്ടതെങ്ങിനെ? അവർ അഗ്നിയിൽ മുക്കപ്പെട്ടുവോ? ഇല്ല, അഗ്നിപോലുള്ള പിളർന്ന നാവുകൾ അവരുടെ മേൽ ഇരുന്നു. വാക്യം 3."

## നിരൂപണം

പെന്തിക്കോസ്തിൽ നടന്ന പരിശുദ്ധാത്മസ്നാനം ഒരു നിമജ്ജനസ്നാനമായിരുന്നു എന്നു മേൽ തെളിയിച്ചിട്ടുണ്ടു. "എന്റെ ആത്മാവിൽനിന്ന പകരും" എന്നു പറഞ്ഞതുകൊണ്ടു ആത്മസ്നാനം നിമജ്ജനമല്ലായിരുന്നു എന്നു തെളിയിക്കാവുന്നതല്ല. അല്ലെങ്കിൽ പകർന്നൊഴിക്കുന്ന വെള്ളത്തിൽ മുഴുകാൻ സാധിക്കയില്ലെന്നു സ്ഥാപിക്കണം. അതൊരിക്കലും ശരിയല്ല. ബപ്തിസ്തർ തന്നെ വെള്ളം പകർന്നു അതിൽ മുഴുകൽ സ്നാനം നടത്താറുണ്ടു. അതുകൊണ്ടു പകർച്ച മുഴുകലിനു സഹായകമല്ലാതെ ബാധകമല്ല.

"ശിഷ്യന്മാർ അഗ്നിയിൽ മുഴുകിയോ? എന്നു ഗ്രന്ഥകർത്താവു ചോദിക്കുന്നു. മുഴുകി എന്നാണു ഞങ്ങളുടെ മറുപടി. മി: ഫെയർ ചൈൽഡു വിചാരിക്കുന്നതുപോലെ അഗ്നിസ്നാനം പരിശുദ്ധാത്മസ്നാനമല്ല. രണ്ടും രണ്ടത്രെ. അഗ്നി കഷ്ടതയേയും പരിശോധനയേയും കുറിക്കുന്നു. മലാ. 3: 2-4; ലൂക്കോ. 12: 49; 1 പത്രോ. 4: 12; 1: 7 ഈ അഗ്നിസ്നാനം വിശ്വാസികളുടെ നിർമ്മലതക്കായിട്ടുത്രെ. പെന്തിക്കോസ്തിലെ അഗ്നിനാവുകളും ഈ സ്നാനവും രണ്ടാണ്. അതിനാൽ ഗ്രന്ഥകർത്താവിന്റെ മേൽപ്പടിവാദത്തിനു അസംബന്ധത എന്ന ദോഷമുണ്ടു"

## പ്രഖ്യാപനം.

### കാററിലുള്ളസ്നാനം

“ചില ബപ്തിസ്തഎഴുത്തുകാർ, ശിഷ്യന്മാർ ആ അവസരത്തിൽ സ്നാനപ്പെട്ടു എന്നു ന്യായത്തേക്കാൾ അധികം ഊഹത്തെ അസ്പദമാക്കി വാദിക്കുന്നു. എന്തിലാണു നിമജ്ജിച്ചതെന്നു ദയചെയ്തു പറഞ്ഞാൽ കൊള്ളാം. എന്തു? കാററിലാണോ സ്നാനപ്പെട്ടതു? അങ്ങിനെയെങ്കിൽ പ്രവൃത്തി 2:2-ാം വാക്യം നോക്കുക. അവിടെ കാററുണ്ടായി എന്നു പറയുന്നില്ല. ഒരു മുഴക്കമെ ഉണ്ടായുള്ളു. കൊടിയകാററടിക്കുമ്പോലെ ആയിരുന്നു ആ മുഴക്കം. അതു വീടുമുഴുവൻ നിറച്ചു. അതുകൊണ്ടു നമ്മുടെ സഹോദരന്മാരുടെ വാദം മുഴക്കമല്ലാതെ മറെറാന്നുമല്ലെന്നു തെളിയുന്നു. മുഴക്കം കാററുപോലെ ഒരു വസ്തുവല്ലല്ലോ.”

### നിരൂപണം.

‘കാററിൽ നിമജ്ജിച്ചു’ എന്നു വല്ല എഴുത്തുകാരും പറഞ്ഞിട്ടുണ്ടെങ്കിൽ അതു ബപ്തിസ്തരുടെ വിശ്വാസവിഷയമല്ലെന്നു ഗ്രന്ഥകാരൻ അറിഞ്ഞിരിക്കണം. കാററുണ്ടായില്ലെന്നു അദ്ദേഹം സ്ഥാപിക്കുന്നെങ്കിലും മുഴക്കമുണ്ടായെന്നും അതു വീടുമുഴുവൻ നിറച്ചു എന്നും അദ്ദേഹം സമ്മതിക്കുന്നു. ഈ മുഴക്കം പരിശുദ്ധാത്മമുഴക്കമല്ലാതെ മറെറാന്നുമല്ലല്ലോ. വീടുമുഴുവൻ നിറഞ്ഞിരുന്ന (പ്രവൃ. 2:8) സൂക്ഷ്മശക്തിയുടെ അഗാധത്തിൽ സ്ഥിതി ചെയ്ത ശിഷ്യന്മാർ പരിശുദ്ധാത്മാവിൽ നിമജ്ജിക്കപ്പെട്ടു എന്നു അപ്രതക്ഷ്യമായി പറയാവുന്നതാണ്.

ഈ ഭാഗത്തുതന്നെ പ്രവൃ.11:15-ൽ പരിശുദ്ധാത്മാവു അവരുടെമേൽ വന്നു എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു ശിഷ്യന്മാർ നിമജ്ജിക്കപ്പെട്ടില്ലെന്നു സ്ഥാപിപ്പാൻ ഡോക്ടർ ശ്രമിക്കുന്നു. പരിശുദ്ധാത്മാവു വരിക എന്നതിനു, പരിശുദ്ധാത്മാവു വീഴുക എന്നാണു മൂലഭാഷയിൽ കാണുന്നതു. ഇംഗ്ലീഷിലും അങ്ങിനെതന്നെ. ശക്തിസ്വരൂപനായ പരിശുദ്ധാത്മാവു ഈവിധം വീഴുകയോ ചൊരിയുകയൊ ചെയ്താൽ പ്രസ്തുത ശക്തിപ്രകരത്തിൽ മുഴുകാവുന്നതാണ്. ഒരു ദ്രവത്തിലോ, ബാഷ്പത്തിലോ മുഴുകുമ്പോൾ ആ വസ്തു നമ്മുടെമേൽ വരുമല്ലോ. അതിനാൽ പകർന്നുവെന്നോ, വീണുവെന്നോ, ചൊരിഞ്ഞുവെന്നോ, വന്നുവെന്നോ എന്തുതന്നെ പറഞ്ഞിരുന്നാലും അതൊക്കെയും നിമജ്ജനത്തെ അനുകൂലിക്കുന്നുവെന്നല്ലാതെ പ്രതികൂലിക്കുന്നില്ല.

### പ്രഖ്യാപനം.

“നാം എല്ലാവരും ഒരേശരീരത്തിലേക്കു ഒരേ ആത്മാവിനാൽ സ്നാനപ്പെട്ടു” 1 കോരി. 12:13. ഇവിടെ അപ്പോസ്തലൻ നാം എ

ല്ലാവരും ഒരേശരീരത്തിലേക്ക മുഴുകി എന്നാണോ അർത്ഥം ഉദ്ദേശി
ിരിക്കുന്നതു്? ഒരിക്കലുമല്ല. അപ്പോസ്തലന്റെ ആന്തരം ജലസ്നാ
നത്താൽ സദൃശീകരിക്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മപ്രേരണപ്രാ
ൽ കൊരിന്തുവിശ്വാസികൾ ക്രിസ്തുവിനോടും പരസ്പരവും യോജി
പ്പിക്കപ്പെട്ടിരിക്കുന്നുവെന്നാണ്. നിമജ്ജനത്തിന്റെ പ്രസംഗമേ
ഇവിടെയില്ല. ക്രിസ്തുവിൽ വിശ്വസിക്കുന്ന അവന്റെ അംഗങ്ങ
ൾ അവനോടു മുഴുകിയവരാക്കി സദൃശീകരിക്കുന്നതു കാലും കൈ
കളും മനുഷ്യശരീരത്തിൽ മുഴുകിയിരിക്കുന്നു എന്നു വർണ്ണിക്കുന്നതു
പോലെ അബദ്ധമായിട്ടുള്ളതാണ്."

## നിരൂപണം.

വിവാദവാക്യത്തിൽ "ഏകശരീരത്തിലേക്ക ഏകാത്മാവിനാ
ൽ നിമജ്ജിക്കപ്പെട്ടു' എന്നാണല്ലോ പറഞ്ഞിരിക്കുന്നതു്. ഏകശ
രീരത്തിലേക്ക എന്നുള്ളതിനു് ഏകശരീരമായിത്തീരുമാറു് എന്ന
ല്ലാതെ ഡോക്ടർപറയുന്നതുപോലെ ഏകശരീരത്തിനുള്ളിലോട്ടു എ
ന്നർത്ഥമില്ല. ആത്മാവു നമ്മെ സ്നാനത്തിലേക്ക നടത്തിയതു് ഏക
ശരീരമായിരിപ്പാനാണ് എന്നുള്ളതാണ് പൌലിന്റെ സങ്കല്പം.
പ്രായത്തെ നമ്മുടെ മലയാളപരിഭാഷയിൽ "ഏകശരീരമാകുമാ
റു്" എന്നു കാണുന്നതു ഞങ്ങളുടെ ഈ അഭിപ്രായത്തെ ദൃഢീകരിക്കു
ന്നു. ഇങ്ങിനെയിരിക്കെ കൈകാലുകൾ ശരീരത്തിലേക്ക മുക്കപ്പെ
ട്ടു എന്നു ഡോക്ടർ പരിഹാസാർത്ഥം പറഞ്ഞിട്ടുള്ള ദൃഷ്ടാന്തം യുക്തിശൂ
ന്യമെന്നു പറയേണ്ടതില്ല.

ഇതുപോലെ തന്നെയാണു റോമ. 6:3-നെ അനുസരിച്ചുള്ള വാ
ദവും. യേശുക്രിസ്തുവിലേക്ക നിമജ്ജിക്കപ്പെട്ട നാമെല്ലാവരും അവ
ന്റെ മരണത്തിലേക്ക നിമജ്ജിക്കപ്പെട്ടിരിക്കുന്നു എന്നു തന്നെപ്ര
സ്തുതവാക്യം തർജ്ജമ ചെയ്യുന്നപക്ഷം യാതൊരു അസ്വാരസ്യവുമില്ല.
ക്രിസ്തുവിന്റെ നാമത്തിൽ നിമജ്ജനസ്നാനം ഏറ്റവരായ നാം അ
വനോടു കൂടി പാപത്തിനു മരിച്ചു എന്നു കാണിപ്പാനല്ലേ നാം ജ
ലനിമജ്ജനം കഴിച്ചതു്" എന്നാണ് റോമ. 6:3-ന്റെ താല്പര്യം

## പ്രഖ്യാപനം.

"നമുക്ക ലൂക്കോ. 11:37,38-ം വാക്യങ്ങളിലേക്ക കടക്കാം. ഭ
ക്ഷിക്കുന്നതിനു മുൻപെ പരീശന്മാർ ആചരിച്ചു വന്ന കഴുകലെ
ന്തായിരുന്നു? അവർ മുഴുകുക പതിവായിരുന്നുവോ? മർക്കോസ് സു
വിശേഷകൻ എന്താണു പറയുന്നതു്? "പരീശന്മാരും യഹൂദന്മാർ ഒ
ക്കെയും പൂർവ്വന്മാരുടെ സമ്പ്രദായം പ്രമാണിച്ചു് കൈ നന്നായി കഴു
കീട്ടല്ലാതെ ഭക്ഷണം കഴിക്കയില്ല" മർക്കോ. 7:3. ഇപ്പോൾ സംശ
യം തെളിയുന്നു. പാരമ്പര്യനടപ്പനുസരിച്ചു കൈകൾ കഴുകുകയ
ല്ലാതെ നിമജ്ജനം ഇവിടെയില്ല."

## നിരൂപണം.

കർത്താവു ഭക്ഷണത്തിനു മുൻപു കുളിക്കാഞ്ഞതുകൊണ്ടാണ് പരീശൻ ആശ്ചര്യപ്പെട്ടതു്. അല്ലാതെ കൈ കഴുകാഞ്ഞിട്ടല്ല. ഭക്ഷണത്തിനു മുൻപു കൈകൾ കഴുകുന്നതു ശുചിത്വപ്രമാണത്തിനു് ആവശ്യമാകയാൽ കർത്താവു് അതിനെ നിരസിക്കയില്ല. യഹൂദന്മാരുടെ അനാവശ്യാചാരങ്ങളെ കർത്താവു പരിത്യജിക്കുമെന്നല്ലാതെ ആവശ്യമുള്ള ചട്ടംകെട്ടുകൾ വിട്ടുകളയുമെന്നു വിചാരിച്ചുകൂടാ. സാമാന്യജനക്കൂട്ടത്തിൽ നിന്നു വരുന്ന ഒരു യഹൂദൻ കുളിച്ചു അശുദ്ധിനീക്കാതെ ഭക്ഷിക്കപതിവില്ല. ഈ കുളി മുഴുകലുമായിരുന്നു. ഇങ്ങനെ ഒരശുദ്ധിപരവുമെന്നു കർത്താവിനു വിശ്വാസമില്ലാതിരുന്നതിനാലത്രേ കർത്താവു കുളിക്കാഞ്ഞതു്. ഇതും മർക്കോ. 7:3-ൽ പറയുന്ന കൈകഴുകലും തമ്മിൽ അജഗജാന്തരമുണ്ടു്. ലൂക്കോസിന്റെ സുവിശേഷത്തിലേതു് ഒരു മുഴുകൽ, മർക്കോസിന്റെ സുവിശേഷത്തിലേതോ ഒരു കഴുകൽ മാത്രം. രണ്ടിനും അന്യോന്യം ഭേദപ്പെട്ട രണ്ടു വാക്കുകളാണു മൂലഭാഷയിൽ കാണുന്നതു്. ആദ്യത്തതു 'ബപ്ററിഡ്സോ' എന്നും, മററതു് 'നിപ്ററോ' എന്നുമത്രേ. അതിനാൽ രണ്ടുമൊന്നാണെന്നു നടിച്ചു വാദിച്ച ഡോക്ടരുടെ വാദം അശേഷം ഗണ്യമായിട്ടുള്ളതല്ലെന്നു പറഞ്ഞുകൊള്ളുന്നു.

(തുടരും)

# റോമായും ബൈബിളും

ക്രിസ്താബ്ദം ൧൫൫൦-ൽ ജൂലിയസ് മൂന്നാമൻ മാർപ്പാപ്പായുടെ (Pope Julius III) സിംഹാസനാരോഹണസന്ദർഭത്തിൽ കർദ്ദിനാളന്മാർ എല്ലാവരും കൂടി അദ്ദേഹത്തിനു സമർപ്പിച്ച മംഗളപത്രം പാരീസിലെ നാഷനൽ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്നുണ്ടു്. അതിൽ അവർ അദ്ദേഹത്തിന്നു് ഏതാനും 'ഗുണദോഷങ്ങൾ' ചെയ്തിരിക്കുന്നു. അവയിൽ ചിലതാണു് അടിയിൽ ഉദ്ധരിക്കുന്നതു്:

“നിതാന്തപുണ്യശ്ലോകനായ ഭവാനോടു് ഈയുള്ളവർ ചെയ്യാൻ കഴിയുന്ന ഗുണദോഷങ്ങളിൽവെച്ചു് അതിപ്രാധാന്യം വഹിക്കുന്നവ അവസാനമായി രേഖപ്പെടുത്തുന്നു: ഒരു കാര്യത്തിൽ നാം കണ്ണുതുറന്നു സർവ്വശക്തിയും പ്രയോഗിച്ചേതീരൂ. അതായതു,

ഭവാന്റെ അധികാരാതിർത്തിയിൽ സ്ഥാപിതംചെയ്യുന്ന എല്ലാ രാജ്യ
ങ്ങളിലും ബൈബിൾ വായനയെ, അതിലും വിശേഷിച്ചു മാതൃ
ഭാഷയിലുള്ള ബൈബിൾ വായനയേ, കഴിയുന്നത്ര തടയേണ്ടതാ
കുന്നു.

“മിസ്സാപൂജയിൽ സാധാരണ വായിക്കുക പതിവായ ഒന്നോ
ഒരു മുറിയോ ബൈബിൾ വാക്യം ജനങ്ങൾ കേട്ടുകൊള്ളട്ടേ എ
ന്നു വെയ്ക്കാം; അതിലധികം അറിയുവാൻ ആരെയും അനുവദിച്ചു
കൂടാതാനും.

“ആ ഒന്നോ ഒരു മുറിയോ വാക്യംകൊണ്ടു ജനങ്ങൾ തൃപ്തി
പ്പെട്ടുന്നിടത്തോളം കാലം ഭവാന്റെ കാര്യം ഭദ്രംതന്നെ. അതി
ൽ കൂടുതലായി സുവിശേഷം ജനങ്ങൾ അറിഞ്ഞുതുടങ്ങുകയാണെ
ങ്കിൽ തുലഞ്ഞു കാര്യം!

“മറ്റെല്ലാപുസ്തകങ്ങളെക്കാളും നമ്മുടെ നേർക്കു, കുതികാൽ
ഉയർത്തിയിരിക്കുന്നതു് ഈ ഒരൊററപ്പുസ്തകമാണു്. എന്തെല്ലാം ഉ
പദ്രവങ്ങളാണു് ഇതു നമുക്കു വരുത്തിവെച്ചിരിക്കുന്നതെന്നു പ്ര
ത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലോ. മിക്കവാറും നാശപ്രായത്തി
ൽതന്നെ ആയിരിക്കുന്നു നാം.

“ആരെങ്കിലും ബൈബിൾ അവധാനപൂർവ്വം പഠിച്ചു് അ
തിലെ ഉപദേശവും, നമ്മുടെ സഭയിൽ നടക്കുന്ന കാര്യങ്ങളും ത
മ്മിൽ താരതമ്യപ്പെടുത്തുന്നപക്ഷം തൽക്ഷണം വ്യത്യാസം കണ്ടു
പിടിക്കും. നമ്മുടെ ഉപദേശവും ബൈബിളിലെ ഉപദേശവും ത
മ്മിൽ പൊരുത്തമായിട്ടല്ലെന്നു മാത്രമല്ല, വിരുദ്ധമായിട്ടാണിരി
ക്കുന്നതെന്നു് അവർ കാണും.

“ഇക്കഥ ജനങ്ങൾ ഗ്രഹിക്കുന്നപക്ഷം ഇവ മുഴുവനും പര
സ്യമാക്കുന്നതുവരെ അവർ നമ്മെ വെല്ലുവിളിച്ചുകൊണ്ടേ ഇരിക്കും.
തന്നെയുമല്ല നമ്മുടെ സഭ നിതാന്തനിന്ദാപാത്രമായി മാലോക
രുടെ വെട്ടത്തു നില്ക്കേണ്ടതായും വരും.

“ആകയാൽ മാലോകരുടെ വെട്ടത്തുനിന്നും ബൈബിളി
നെ നീക്കിക്കളയേണ്ടതു് ആവശ്യമായിരിക്കുന്നു എന്നു ഭവാനു
ബോധ്യംവന്നിരിക്കുമെന്നാണു ഞങ്ങളുടെ വിശ്വാസം. വേണ്ടാ
ത്ത ‘കുണ്ടാമണ്ടികൾ’ ഒന്നും ഉണ്ടാകാതിരിപ്പാൻ ആവോളം സൂക്ഷ്മ
തയോടു പ്രവർത്തിക്കേണ്ടതാണല്ലോ”

# വെളിപ്പാടുപുസ്തകം

## ൮. മഹാസൎപ്പം വെളി. ൧൨: ൩, ൪.

സ്വൎഗ്ഗത്തിൽ കാണപ്പെട്ട രണ്ടാം അടയാളം ചുവന്ന മഹാസൎപ്പമത്രേ. ഈ മഹാസൎപ്പം ആരാണെന്നറിവാൻ പ്രയാസമില്ല. 9-ാം വാക്യത്തിൽ ഈ സത്വത്തെ, 'പിശാചും സാത്താനും എന്ന മഹാസൎപ്പമായ പഴയ പാമ്പ്' എന്നു പറഞ്ഞിരിക്കുന്നു. അവന്റെ നിറം രക്തത്തിന്റെ നിറമായ ചുവപ്പാണ്. ആദിമുതൽ അവൻ കൊലപാതകനാകുന്നുവല്ലൊ. യോഹ. 8: 44.

ഏഴു തലയും പത്തു കൊമ്പും തലമേൽ ഏഴു കിരീടങ്ങളും അവനുണ്ടു്. ഇവ അവന്റെ ഭൗമികാധിപത്യത്തിന്റെ സാൎവ്വത്രികതയേയും, ശക്തിയുടെ ഏഴു മടങ്ങ് അഥവാ പൂൎണ്ണതയേയും കാണിക്കുന്നു. കാരണം, അവൻ 'ഈ ലോകത്തിലെ അധിപതി'യും, 'ഇഹലോകത്തിൻ പ്രഭു'വുമാകുന്നു. (എഫെ. 6: 12; യോഹ. 12: 31; 14: 30; 16:11) ഈ ഭൗമമായ അധികാരം അവനിൽ സ്ഥിതിചെയ്കകൊണ്ടത്രേ ഇഹലോകരാജ്യങ്ങളും അവയുടെ മഹിമയും തന്റെ പക്കൽ ഏല്പിച്ചിരിക്കുന്നതായി മരുഭൂമിയിൽവച്ചു് അവൻ പറഞ്ഞപ്പോൾ യേശു അതിനെ വിസംവദിക്കാഞ്ഞതു്. മഹാസൎപ്പത്തിന്റെ ഏഴു തലകളും, പത്തു കൊമ്പുകളും, കിരീടങ്ങളും അവനെ അടുത്ത അദ്ധ്യായത്തിന്റെ ഒന്നാം വാക്യത്തിൽ പറഞ്ഞിരിക്കുന്നതായി കടലിൽനിന്നു കരേറിവരുന്ന മൃഗത്തോടു യോജിപ്പിക്കുന്നു. അവ തമ്മിലുള്ള വ്യത്യാസം മഹാസൎപ്പത്തിന്റെ കിരീടങ്ങൾ അതിന്റെ തലയിലും മൃഗത്തിന്റെ കിരീടങ്ങൾ അതിന്റെ കൊമ്പുകളിലും ആണെന്നുള്ളതു മാത്രമാണു്. രണ്ടു സ്വരൂപികളിലും സ്ഥിതിചെയ്യുന്ന ഈ ലക്ഷണങ്ങൾ മഹാസൎപ്പവും മൃഗവും തമ്മിൽ എന്തോ സംബന്ധമുണ്ടെന്നും, ആ സംബന്ധം മൃഗം മഹാസൎപ്പത്തിന്റെ ഭൗമികമൂൎത്തീധാരണം അഥവാ അവതാരമാണെന്നും തെളിയിക്കുന്നു. മഹാസൎപ്പം സ്വൎഗ്ഗത്തിൽനിന്നു ഭൂമിയിലേക്കു തള്ളപ്പെടുന്നതുവരെ ഭൂമിയിൽ മൃഗം പ്രത്യക്ഷീഭവിക്കുന്നില്ല. അന്തിക്രിസ്തു ആഴ്ചവട്ടത്തിന്റെ ആരംഭം മുതൽക്കു സ്ഥിതിചെയ്യുന്നു എങ്കിലും ആഴ്ചവട്ടത്തിന്റെ മദ്ധ്യംവരെയും അവൻ മൃഗമായിത്തീരുന്നില്ല. സാത്താൻ സ്വൎഗ്ഗത്തിൽനിന്നു തള്ളപ്പെടുകയും ഉടൻ അന്തിക്രിസ്തുവിൽ ആവേശിക്കയും ചെയ്യുന്നു, അപ്പോഴത്രെ അന്തിക്രിസ്തു ഇസ്രായേലിനോടുള്ള നിയമം ലംഘിക്കയും, ദേവാലയത്തെ അശുദ്ധമാക്കുകയും, ഘോരോത്തരാൎദ്ധത്തിൽ വാഴുന്ന സാത്താന്യപാത്രമായിത്തീരുകയും ചെയ്യുന്നതു്. അവന്റെ വാൽ നക്ഷത്രങ്ങളിൽ മൂന്നിൽ ഒന്നിനെ വലിച്ചുകൂട്ടി ഭൂമിയിലേക്കു എറിഞ്ഞുകളഞ്ഞു എന്നു പറയുന്നതു്, സ്വൎഗ്ഗത്തിൽനിന്നുള്ള തന്റെ ബഹി

ർണ്ണകോലത്തു ദൂതന്മാരിൽ മൂന്നിലൊരു പങ്കിനെ സാത്താൻ സ്വ
ക്ഷ്യരാക്കും എന്നു വെളിപ്പെടുത്തുന്നു. ദൂതന്മാരെ പഴയനിയമ
ത്തിൽ നക്ഷത്രങ്ങൾ എന്നു വിളിക്കുന്നുണ്ടു്. യോബ്. 38:7. പ്രസ്തു
ദൂതന്മാർ അവനോടുകൂടി ഭൂമിയിലേക്കു തള്ളപ്പെടുന്നു. അവർ
ഗോളത്തിൽ അദൃശ്യരായി സ്ഥിതിചെയ്യുമെങ്കിലും രഹസ്യമാ
യി അവർ ഭൂമിയിൽ മത്സരത്തിന്റെ വിത്തു വിതക്കും. ഒടുവിലാ
ൻ അവനോടുകൂടി അവർ തീപ്പൊയ്കയിൽ വീഴുന്നു. ഈ തീപ്പൊ
ർക്കായിട്ടത്രെ ഒരുക്കപ്പെടുന്നതു്. മത്താ: 25:41. സഹസ്രാബ്ദ
ലത്തു് ഈ സാത്താന്യദൂതന്മാർ അഗാധകൂപത്തിൽ അവനോടുകൂ
ടി കെട്ടപ്പെടുമെന്നു് —നേരെ വേദത്തിൽ പറഞ്ഞിട്ടില്ലെങ്കിലും—
ന്നു് അവർ ഭൂമിയിൽ കാണപ്പെടാത്തതുകൊണ്ടു ഊഹിക്കാം.
കുട്ടി പിറന്നാൽ ഉടനെ അതിനെ തിന്നുകളവാൻ മഹാസ
ം സ്ത്രീയുടെ മുമ്പിൽ നില്ക്കുന്നതായിട്ടത്രെ യോഹന്നാ
ൻ ദർശനം. ആൺകുട്ടിയാകുന്ന ക്രിസ്തുവിന്റെ പിറവിയെ ത
ന്നതിനും തദനന്തരം മനുഷ്യവർഗ്ഗത്തിന്റെ പരിഹാരധനമാ
യി ക്രൂശിൽ മരിക്കുന്നതിനുമുമ്പു് അവനെ നശിപ്പിക്കുന്നതി
നും (അതായതു തന്റെ ക്രൂശുമരണത്തെ തടയുന്നതിനും) സാത്താൻ
ചെയ്തിട്ടുള്ള ശ്രമത്തെ തിരുവെഴുത്തിലെ കഥകൾ സ്പഷ്ടീകരിക്കുന്നു.
സാത്താൻ ആദാമിനേയും ഹവ്വായേയും അധഃപതിപ്പിച്ചപ്പോൾ
സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലയെ ചതക്കും". എന്നിങ്ങ
നെ പറയപ്പെട്ടു. ഉല്പ. 3:14, 15. ഈ പ്രസ്താവം സാത്താന്റെ ശ
ത്രുതയെ ഉത്തേജിപ്പിച്ചു. പ്രസ്തുത സന്തതിയുടെ ജനനത്തെ തട
ണമെന്നോ, അതു സാധ്യമാകാത്തപക്ഷം ജാതമായ സന്തതിയെ
നശിപ്പിക്കണമെന്നോ അവൻ നിശ്ചയിച്ചു. അതിനുവേണ്ടി ഹാ
ബേൽ ജനിച്ച ഉടൻ സാത്താൻ തന്റെ നാശകരമായ തന്ത്രം പ്ര
യോഗിച്ചു കയീനെക്കൊണ്ടു് അവനെ വധിപ്പിച്ചു. പിന്നീടു ദൈ
വപുത്രന്മാർ സാത്താന്റെ പ്രേരണയാൽ മനുഷ്യപുത്രന്മാരെ പരി
ഗ്രഹിച്ചു. അവരുടെ പാപം അതായതു് അവരുടെ സന്തതിയുടെ
പാപം ഭൂമിയിൽനിന്നു മനുഷ്യനെ നശിപ്പിച്ചുകളയത്തക്കവ
ണ്ണം ദൈവത്തെ ക്ഷോഭിപ്പിച്ചു. ഇതു സാത്താന്റെ ഉദ്ദേശം സാ
ധിപ്പാനുള്ള ഒരു തന്ത്രമായിരുന്നു. അതിനാൽ നോഹ മുഖാന്തരം മ
നുഷ്യവർഗ്ഗത്തെ രക്ഷിക്കുന്നതിനു നിശ്ചയിച്ചു. എന്നാൽ അധിക
നാളാകുന്നതിനുമുമ്പു നോഹ ഒരു മുന്തിരിത്തോട്ടം നട്ടുണ്ടാക്കി
വീഞ്ഞു കുടിച്ചു പൌത്രനായ കനാനെ ശപിക്കുവാനിടയായി. ഉല്പ.
9: 18—27. പിന്നീടു ജനങ്ങൾ വർദ്ധിപ്പാൻ തുടങ്ങി. അവരുടെ
ഹൃദയത്തെ ഡംഭംകൊണ്ടു സാത്താൻ നിറച്ചു. അവർ ബാബേൽ
ഗോപുരം പണിതതിനാൽ ഭാഷ കലങ്ങുകയും ജനങ്ങളുടെ ഐ
ക്യം ഭംഗപ്പെടുകയും ചെയ്തു. ഉല്പ. 11: 1—9. അനന്തരം യഹോ
വ അബ്രഹാമിനെ വിളിച്ചു. അബ്രഹാമിനു് എഴുപതാണ്ടും സാ

ള്ക്കു 65-ം വയസ്സായിരുന്നു. അവർ അനപത്യരായിരുന്നു. ഉല്പ. 16:
. സാറായുടെ വന്ധ്യത്വത്തിൽ സാത്താന്റെ കയ്യുണ്ടായിരുന്നു എ
ന്നു വിചാരിക്കാം. എന്നാൽ അസാദ്ധ്യദശയിൽ അത്ഭുതം പ്രവർത്തി
പ്പാൻ തനിക്കു ശക്തിയുണ്ടെന്നുള്ളതിനെ വെളിപ്പെടുത്തുംവിധം
സാറായുടെ മലടിത്തം ഏതാണ്ട 90 വയസ്സുവരെയും നീട്ടി. ഉല്പ.
17: 17. അതിന്റെ ശേഷമത്രേ അവൾ പ്രതിശ്രുതസന്തതിയെ ഗ
ർഭം ധരിച്ചു പ്രസവിച്ചതു്. ഉല്പ. 18: 9-15; 21: 1—3. ഇസ
ഹാക്കിനു 12 വയസ്സായപ്പോൾ മോറിയാമലമേൽ അവനെ ബലി
കഴിപ്പാൻ ദൈവം കല്പിക്കുന്നതായി കാണുന്നു, പക്ഷേ, ഈ പരീ
ക്ഷണവും യോബിന്റെ എന്നപോലെ, ദൈവവും സാത്താനും തമ്മി
ലുള്ള ഒരു വാദത്തിന്റെ ഫലമായിരിക്കാം. യോബ്. 1: 6—
12; 2: 3—6. അബ്രഹാം തന്റെ മകനെ യാഗംകഴിപ്പാൻ മനസ്സു
ള്ളവനാണെന്നു കണ്ടപ്പോൾ ദൈവം ആ വധം തടുത്തുകുട്ടിയെ ര
ക്ഷിച്ചു. ഇസഹാക്കു വളർന്നു റിബേക്കയെ വിവാഹം ചെയ്തു. റിബേ
ക്കയുടെ വന്ധ്യാത്വത്തിലും സാത്താന്റെ കൈ ഉണ്ടായിരുന്നതായി
വിചാരിക്കാം. വാഗ്ദത്തസന്തതി ഉത്ഭവിക്കുന്നതു അവന്നു് ഒരു പ്ര
കാരത്തിലും ഇഷ്ടമല്ലല്ലോ. ഇതിന്റെ പരിഹാരാർത്ഥം ഇസഹാക്കു
പ്രാർത്ഥിച്ചതിനാൽ റിബേക്കാ ഗർഭവതിയായി ഇരട്ടക്കുട്ടികൾ ജ
നിച്ചു. ഉല്പ. 25: 20, 21. കുട്ടികൾ വളർന്നപ്പോൾ കയീനും ഹാബേ
ലും എന്നപോലെ മത്സരനാടകം അഭിനയിച്ചുതുടങ്ങി. പ്രതിശ്രുത
സന്താനത്തിന്റെ വാഹനമായ യാക്കോബിനെ ഏശാവു കൊല്ലുവാ
ൻ ശ്രമിച്ചു. ഇതുപോലെ മോശയുടെ കാലത്തും സാത്താൻ ഫറവോ
നെക്കൊണ്ടു് എല്ലാ എബ്രായ ആൺകുഞ്ഞുങ്ങളേയും മുക്കിക്കൊല്ലുവാ
ൻ ഉദ്യമിച്ചു. യഹോശാഫാത്തിന്റെ മരണത്തിൽ യഹോരാം ത
ന്റെ സഹോദരന്മാരെയെല്ലാം വാൾകൊണ്ടു കൊന്നതുവരെയും (2
ദിന. 21:13.) വിദ്വേഷം നെടുകെ നടന്നുകൊണ്ടിരുന്നു. അപ്പോ
ൾ രാജസന്തതി ഒരുവനായിമാത്രം ശേഷിച്ചു. യഹോരാമിന്റെ മ
ക്കളിൽ ഏററം ഇളയവനായ അഹസ്യായെ ഒഴിച്ചു് ശേഷമുള്ള എ
ല്ലാവരേയും അരാബ്യർ കൊന്നുകളഞ്ഞു. 2 ദിന 21: 17; 22: 1. അ
ഹസ്യായുടെ മക്കളെ അഥല്യാരാണി കൊല്ലിച്ചു. എല്ലാവരേയും
കൊല്ലിച്ചു എന്നു് അഥല്യാ വിചാരിച്ചെങ്കിലും ശിശുവായ രാ
ജകുമാരനെ ദൈവം രക്ഷിച്ചു. 2 ദിന. 22: 10—13. ആറുവർഷ
ത്തേക്കു ദൈവജനങ്ങളുടെ സകല പ്രത്യാശയും ശിശുവായ ആ രാ
ജകുമാരന്റെ ജീവനെ അവലംബിച്ചിരുന്നു. പ്രവാസത്തിനിട
യ്ക്കു് യെഹൂദ്യജാതിയെ ഒന്നാകെ നശിപ്പിച്ചുകളവാൻ ഹാമാനെ
സാത്താൻ ഒരു ആയുധമായി എടുത്തുപയോഗിച്ചു. എന്നാൽ ഒരു ചെ
റിയ സംഗതി അതായതു രാജാവിന്റെ നിർന്നിദ്രമായ ഒരു രാത്രി
ഹാമാനിനെ അശേഷം മറിച്ചുകളഞ്ഞു. എസ്ഥേ. 3:8—15;6:
1—11. ഈ മത്സരവൃത്താന്തം ദീർഘമാക്കിയിട്ടാവശ്യമില്ലല്ലോ.

ഒടുവിൽ പ്രതിജ്ഞാതമായ സന്തതി ജനിച്ചു. സാത്താൻ ശിശുവിനെ സദ്യോവധം ചെയ്വാൻ ഹേരോദാവെ പ്രേരിപ്പിച്ചു. തൽഫലമായി രണ്ടു വയസ്സിനു താഴെയുള്ള അസംഖ്യം ആൺകുഞ്ഞുങ്ങൾ കൊല്ലപ്പെട്ടു. ആ അവസരത്തിൽ ദൈവനിയോഗത്താൽ യോസഫ് ശിശുവിനെയും കൊണ്ടു് ഈജിപ്തിലേക്ക് ഓടിപ്പോയി. ലോക സംഗ്രഹ ശുശ്രൂഷയിൽ ക്രിസ്തു ഏർപ്പെട്ട ഉടൻ സാത്താൻ അവനെ മരുഭൂമിയിൽ വെച്ചു പരീക്ഷിച്ചു ദേവാലയാഗ്രത്തു നിന്നു തള്ളിയിടുവാൻ ഭാവിച്ചു. ഒരിക്കൽ ചില സാത്താന്യർ ക്രിസ്തുവിനെ ഒരു മലയുടെ ദിക്കിൽ കൊണ്ടുപോയി തള്ളിയിടുവാൻ തുടങ്ങി. അപ്പോൾ അവൻ അത്ഭുതശക്ത്യാ ഒഴിഞ്ഞുകടന്നു പോയി. ലൂക്കോ. 4:29. കൂടാതെ, ഗലീലക്കടലിൽ രണ്ടുതവണ പെരുങ്കാറ്റുണ്ടായി. ഇതും ക്രിസ്തുവിനെ നശിപ്പിച്ചുകളവാനുള്ള സാത്താന്റെ പ്രവൃത്തിയത്രെ. കാറ്റിനെയും കടലിനെയും ശാസിച്ചു എന്നു പറയുമ്പോൾ കേവലം കാറ്റിനെയും കടലിനെയും എന്നല്ല, കാറ്റും കടലും ഉളവാകുവാൻ കാരണഭൂതനായ ശക്തിയെ, അതായതു സാത്താനെ എന്നുണ്ടർത്ഥം. ഒരാളിനെ അല്ലാതെ ഒരു വസ്തുവിനെ ശാസിപ്പാൻ കഴികയില്ലല്ലോ. മത്താ. 8: 24—27.

ഒടുവിൽ സാത്താൻ പ്രസ്തുത പോരാട്ടത്തിൽ അതിന്റെ വിധവും മാറ്റി. ആചാര്യന്മാർ, പരീശർ മുതലായവരിൽ കൂടി ക്രിസ്തുവിന്റെ ഒരു ശിഷ്യനെക്കൊണ്ടു് അവനെ ഒറ്റിക്കൊടുക്കുവാൻ ഭാവിച്ചു. അനന്തരം ശരീരത്തിന്റെ കഠിനമായ ക്ഷീണം മുഖാന്തരം ഗത്ത്ശെമനയിലെ ഒലിവുവൃക്ഷങ്ങളുടെ ഇടയിൽ വെച്ചു ക്രിസ്തുവിനെ കൊല്ലുവാൻ സാത്താൻ ശ്രമിച്ചു. പിന്നീടു പീലാത്തോസ് മുഖാന്തരം ക്രിസ്തുവിനെ കുരിശിൽ കിട്ടിയപ്പോഴും താൻ ജയിച്ചു എന്നു് അവന് തോന്നി. ഉയിർക്കാതിരിപ്പാൻ കല്ലറയ്ക്കരികെ ഇരട്ടിക്കാവൽ നിർത്തി മുദ്രയും വെച്ചു. എന്നാൽ ക്രിസ്തു ഉയിർത്തു കഴിഞ്ഞപ്പോൾ സാത്താനുണ്ടായ ക്രോധത്തിന് അതിരില്ലായിരുന്നു. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനും, സാത്താനും അവന്റെ സൈന്യങ്ങൾക്കും എതിരുണ്ടായിരുന്നു എന്നു വിചാരിപ്പാൻ ന്യായമുണ്ടു്. ഇതുകൊണ്ടല്ലോ പെന്തിക്കോസ്തിനു പത്തു ദിവസത്തിനു മുൻപായി അവൻ സ്വർഗ്ഗാരോഹണം ചെയ്വാനുള്ള ആവശ്യം വന്നുകൂടിയതു്. ഇതിനാൽ മേഘങ്ങളിൽ വല്ലയിടത്തും സാത്താൻ മുഖാന്തരം യുദ്ധമുണ്ടാകുന്നതായാൽ അതിനു ധാരാളം സമയം ലഭിക്കത്തക്കവണ്ണവും 12 ലഗിയോൻ സൈന്യങ്ങളോടുമത്രേ അവൻ കരേറിപ്പോയതു ? ക്രിസ്തീയ സഭയുടെ ദീർഘമായ ചരിത്രം സാത്താന്റെയും ദൈവജനങ്ങളുടെയും അടക്കാവതല്ലാത്ത പോരാട്ടത്തിനു ദൃഷ്ടാന്തമാകുന്നു. തെസ്സലോനിക്ക ലേഖനം എഴുതുമ്പോൾ പൌലൊസ് ഇങ്ങിനെ പറയുന്നു:—"അതുകൊണ്ടു നിങ്ങളുടെ അടുക്കൽ വരുവാൻ ഞങ്ങൾ, വിശേഷാൽ പൌലൊസായ ഞാൻ, ഒന്നുരണ്ടു പ്രാവശ്യം വിചാരിച്ചു.

എന്നാൽ സാത്താൻ ഞങ്ങളെ തടുത്തു" 1 തെസ്സ. 2:18. എന്നാൽ ക്രിസ്തു, രാജ്യത്തെ കൈക്കൊള്ളുവാനുള്ള സമയം വേഗത്തിൽ അടുത്തുവരുന്നതുകൊണ്ടു ഭൂമിക്കു മീതെയുള്ള സാത്താന്റെ അധികാരവും വാഴ്ചയും അവസാനിക്കുന്നതുകൂടാതെ സാത്താൻ ആയിരംകൊല്ലങ്ങൾ കെട്ടപ്പെടുകയും കോപിഷ്ഠനായ സാത്താൻ വരുന്ന ക്രിസ്തുവിനെ തന്റെ സൈന്യങ്ങളോടുകൂടി എതിർക്കുന്നതിനാൽ സ്വർഗ്ഗത്തിൽ യുദ്ധമുണ്ടാകയും ചെയ്യും.

(തുടരും)

## അപഹരിക്കപ്പെട്ട വേദപുസ്തകം

കൃഷിക്കാരനായ ഒരു അറബി മലപ്രദേശത്തുള്ള തന്റെ ഭവനത്തിൽ പാർത്തുവന്നു. ഒരു യുദ്ധകാലത്തു അവൻ പട്ടാളത്തിൽ ചേരുവാൻ നിർബന്ധിതനായതിനാൽ സമാധാനകരമായ കർഷകവൃത്തിയിൽനിന്നും അജ്ഞന്മാരും മുട്ടാളന്മാരുമായ പട്ടാളക്കാരുമായി സഹവസിക്കുന്നതിനിടയായി.

ഈ അറബി ചേർന്നിരുന്ന പട്ടാളം ഒരു ക്രിസ്തീയ ഗ്രാമത്തെ ആക്രമിച്ചപ്പോൾ അവിടെയുള്ള ജനങ്ങൾ ഭയന്നു ഓടിപ്പോയി. പടയാളികൾ അവരുടെ വീടുകൾ ആക്രമിച്ചു സകലവും കൊള്ളയിട്ടുകൊണ്ടുപോയി. ഈ അറബിപ്പടയാളി പുസ്തകം വായിപ്പാൻ താല്പര്യമുള്ളവനാകയാൽ ചില പുസ്തകങ്ങൾകൂടി കൊള്ളയായി എടുത്തുകൊണ്ടുപോയി. ഈ കൂട്ടത്തിൽ ഒരു വേദപുസ്തകവും ഉണ്ടായിരുന്നു. ലോകത്തിലെ ബഹളങ്ങൾ കുറയുന്നതുവരെ പുസ്തകങ്ങൾ വായിപ്പാൻ സൗകര്യമുണ്ടായില്ല. വീടുകളിൽ പൊയ്ക്കൊള്ളുന്നതിനു പടയാളികൾക്കു ഉത്തരവുണ്ടായപ്പോൾ തന്റെ അപഹൃതങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്ന ബൈബിൾകൂടി അയാൾ കൊണ്ടുപോയി. അതു സാവകാശം കുറെ വായിച്ചപ്പോൾ മുഴുവൻ പഠിക്കണമെന്നു അവനു താല്പര്യമുണ്ടായി.

കൊള്ളയിടപ്പെട്ടവർ തങ്ങളുടെ നഷ്ടങ്ങളെക്കുറിച്ചു പ്രലപിച്ചുകൊണ്ടിരിക്കുമ്പോൾ തങ്ങളുടെ വേദപുസ്തകം അപഹരിച്ചുകൊ